Coverage Report: TCS IT Wiz – pre and Post-event Kochi

**Publication**: Malayala Manorama
**Edition**: Kochi
**Date**: 30.9.2014
**Page**: 15
**Headline**: TCS IT Wiz 2014 on 14th

# ടിസിഎസ് ഐടി വിസ് 2014 മൽസരങ്ങൾ 14ന്

കൊച്ചി ● ടാറ്റ കൺസൾറ്റൻസി സർവീസസ് (ടിസിഎസ്) സംഘടിപ്പിക്കുന്ന ഐടി വിസ് ക്വിസ് മൽസരം 14ന് കലൂർ ഗോകുലം പാർക്കിൽ നടക്കും. എട്ടു മുതൽ പന്ത്രണ്ടു വരെ ക്ലാസുകളിൽ (പ്രീ യുണിവേഴ്സിറ്റി വിദ്യാർഥികൾ ഉൾപ്പെടെ) പഠിക്കുന്നവർക്ക് പങ്കെടുക്കാം. എൻട്രി ഫീ ഇല്ല. ഒരു സ്ഥാപനത്തിൽ നിന്ന് പത്തു ടീമുകൾക്കുവരെ പങ്കെടുക്കാം. പതിനൊന്നിനു മുൻപ് റജിസ്റ്റർ ചെയ്യണം. www.tcsitwiz.com. ഫോൺ: 9847895551.

**Publication**: Malayala Manorama
**Edition**: Kochi
**Date**: 15.10.2014
**Page**: 19
**Headline**: TCS Quiz:  Loyola School Thiruvananthapuram wins

# ടിസിഎസ് ക്വിസ്: തിരുവനന്തപുരം ലയോള സ്കൂൾ ജേതാക്കൾ

കൊച്ചി ● ടിസിഎസ് ഐടി വിസ് 2014 ഇന്റർ സ്കൂൾ ക്വിസിന്റെ മേഖലാതല മൽസരത്തിൽ തിരുവനന്തപുരം ലയോള സ്കൂളിലെ അദിത് ചന്ദ്ര - വിഘ്നേഷ് കൃഷ്ണൻ സഖ്യം ജേതാക്കളായി. പൈങ്ങോട്ടൂർ സെന്റ് ജോസഫ് ഹയർ സെക്കൻഡറി സ്കൂളിലെ ബ്രിട്ടോ സാബു-കെവിൻ ജോർജ് സഖ്യത്തിനാണു രണ്ടാം സ്ഥാനം. ടിസിഎസ് ഐടി വിസ് ക്വിസ് ദേശീയ മത്സരത്തിൽ തിരുവനന്തപുരം ലയോള സ്കൂൾ കേരളത്തെ പ്രതിനിധീകരിക്കും. രാജ്യത്തെ ഏറ്റവും വലിയ ഇന്റർ സ്കൂൾ ഐടി ക്വിസ് മത്സരമാണു ടാറ്റ കൺസൽറ്റൻസി സർവീസസ് സംഘടിപ്പിക്കുന്ന ഐടി വിസ്. ഇന്നലെ, കലൂർ ഗോകുലം പാർക്ക് കൺവൻഷൻ സെന്ററിൽ നടന്ന കൊച്ചി മേഖലാ മത്സരത്തിൽ വിവിധ സ്കൂളുകളിൽ നിന്നായി 1300 ലേറെ കുട്ടികൾ പങ്കെടുത്തു. എട്ടു മുതൽ 12 വരെയുള്ള ക്ലാസുകളിലെ വിദ്യാർഥികളാണു മത്സരത്തിൽ പങ്കെടുത്തത്. വിജയികൾക്കു പുറമെ, കാക്കനാട് ഭവൻസ് ആദർശ വിദ്യാലയയിലെ കാർത്തിക് ഗണപതി-വാസുദേവ് ചക്രവർത്തി, കോഴിക്കോട് ഭാരതീയ വിദ്യാഭവനിലെ അലോക് റിയോൺ-അമൃത് ചന്ദ്, തൃശൂർ ഭവൻസ് വിദ്യാമന്ദിറിലെ അഖിലേഷ് ബാലകൃഷ്ണൻ-ജെ. സമീർ, തൃശൂർ ഹരിശ്രീ വിദ്യാനിധിയിലെ ഹരിശങ്കർ പ്രദീപ്-ശ്യാം പിഷാരടി ടീമുകളും ഫൈനലിലെത്തിയിരുന്നു.

ഒന്നാം സ്ഥാനക്കാർക്ക് ഐപാഡ് എയറും രണ്ടാം സ്ഥാനക്കാർക്ക് ഐപാഡ് മിനിയും സമ്മാനമായി ലഭിച്ചു. ഐടി പ്രിൻസിപ്പൽ സെക്രട്ടറി പി.എച്ച്. കുര്യനും ടിസിഎസ് വൈസ് പ്രസിഡന്റ് സുധീർ വാര്യരും ചേർന്നു സമ്മാനങ്ങൾ വിതരണം ചെയ്തു.

Coverage Report: TCS IT Wiz – pre and Post-event Kochi

**Publication**: Malayala Manorama
**Edition**: Kochi
**Date**: 17.10.2014
**Page**: 17
**Headline**: TCS IT WIZ Quiz winner Loyola School Thiruvananthapuram receiving trophy from IT secretary P H Kurian



കൊച്ചിയിൽ നടന്ന ടിസിഎസ് ക്വിസ് മൽസരത്തിൽ ഒന്നാം സ്ഥാനം നേടിയ തിരുവനന്തപുരം ലൊയോള സ്കൂളിലെ ആദിത് ചന്ദ്ര, വിഘ്നേഷ് കൃഷ്ണൻ എന്നിവർക്ക് ഐടി സെക്രട്ടറി പി.എച്ച്. കുര്യൻ ട്രോഫി നൽകുന്നു. കൊച്ചി ടിസിഎസ് വൈസ് പ്രസിഡന്റ് സുധീർ വാര്യർ സമീപം.